"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കുടുംബശ്രീ - 2020-21 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ പ്രത്യേക ജീവനോപാധി വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി 38.71 കോടി രൂപയുടെ ഭരണാനുമതിയും 38.71 കോടി രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതിയും നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1632/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 09/09/2020

---

പരാമർശം:- 1 27.04.2020-ലെ സ.ഉ(സാധാ) നം.795/2020/തസ്വഭവ.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03/07/2020-ലെ 1388/എ/2020/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പ്രകൃതി ദുരന്തം മൂലം നഷ്ടപ്പെട്ട ജീവനോപാധികൾ പുന:സ്ഥാപിക്കുന്നതിനും ജീവനോപാധികൾ ഏർപ്പെടുത്തുന്നതിനുമായി "പ്രത്യേക ജീവനോപാധി വികസന പാക്കേജ്" നടപ്പിലാക്കുന്നതിനായി കുടുംബശ്രീക്ക് 2020-21 സാമ്പത്തിക വർഷത്തിൽ "4515-00-800-48" എന്ന ബജറ്റ് ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ നിന്നും 2019-20 വർഷത്തിൽ ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ നൽകുന്നതിനായി 11.29 കോടി രൂപ പരാമർശം (1) പ്രകാരം റിലീസ് ചെയ്യുന്നതിന് കുടുംബശ്രീയ്ക്ക് അനുമതി നൽകിയിരുന്നു.

2) 2020-21 സാമ്പത്തികവർഷം പ്രത്യേക ഉപജീവന പാക്കേജിനായുള്ള പ്രപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ബജറ്റ് വിഹിതമായി അനുവദിച്ച 50 കോടി രൂപയിൽ നിന്നും ട്രഷറി ക്യൂ ബില്ലിനായി അനുവദിച്ച 11.29 കോടി രൂപ കഴിച്ച് ബാക്കിയുള്ള 38.71 കോടി രൂപ അനുവദിച്ചു നൽകണമെന്നും പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21 സാമ്പത്തിക വർഷം കുടുംബശ്രീയുടെ "പ്രത്യേക ജീവനോപാധി വികസന പാക്കേജിനായി" "4515-00-800-48" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപയിൽ നിന്നും 2019-20 വർഷം ടി പാക്കേജിനായി കുടുംബശ്രീക്ക് അനുവദിച്ചതും ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ബില്ലിനായി അനുവദിച്ച 11.29 കോടി രൂപ കഴിച്ച് ചുവടെ ചേർത്ത വ്യവസ്ഥകൾക്ക് വിധേയമായി ബാക്കിയുള്ള 38.71 കോടി രൂപയുടെ(മുപ്പത്തിഎട്ട് കോടി എഴുപത് ഒന്ന് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകികൊണ്ടും പ്രസ്തുത തുക "4515-00-800-48" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി കൊണ്ടും ഉത്തരവാകുന്നു.

1. ടി പാക്കേജിലെ ഘടകങ്ങൾ (components) എല്ലാം തന്നെ 2020-21-ലെ പ്ലാൻ റൈറ്റപ്പിലെ ഘടകങ്ങൾക്ക് അനുസൃതമായിരിക്കണം.
2. സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ/പരിഷ്കാരങ്ങൾ കൂടി പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. ടി പാക്കേജിന്റെ ചെലവ് (cost) 38.71 കോടി രൂപയ്ക്കകത്ത് പരിമിതപ്പെടുത്തേണ്ടതാണ്. (2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ലഭ്യമായ തുകയിൽ)
4. ടി പാക്കേജിന് കീഴിലുള്ള ചില ഘടകങ്ങളിൽ ഉൾപ്പെട്ട പരിശീലന പരിപാടികൾ, നിലവിലെ മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിൽക്കുന്ന മുൻകരുതലുകളുടെ ഭാഗമായി പുന:പരിശോധിക്കേണ്ടതാണ്.

4) തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ്

ഡയറക്ടർക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്.സന്തോഷ്**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/ഇ&ആർഎസ്എ/ജി&എസ്എസ്എ) ,

കേരള, തിരുവനന്തപുരം

ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ധനകാര്യ വകുപ്പ്(ഡെവലപ്പ്മെന്റ്3/66/2020-ഫിൻ, തീയതി 14/08/2020 പ്രകാരം)

തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ